## പുഞ്ചിരിയോടെ മറഞ്ഞ പത്ര പ്രവർത്തകൻ



**തീരാദുഃഖം** സമ്മാനിച്ച ആകസ്മിക മരണമായിരുന്നു എറണാകുളം ജില്ലയിലെ ആലുവ എടത്തല നാലാം മൈലിൽ നീരിയേലി വീട്ടിൽ പരേതനായ ഖാലിദിന്റെ മകനും *മാധ്യമം* തൃശൂർ യൂനിറ്റ് സബ് എഡിറ്ററുമായ എൻ.കെ റിയാസിന്റേത്. സുബ്ഹി നമസ്കാരം കഴിഞ്ഞ് ഉറങ്ങാൻ കിടന്ന റിയാസ് പിന്നെ എഴുന്നേറ്റില്ല. വളരെ ചെറുപ്പത്തിൽ പിതാവ് മരണപ്പെട്ട റിയാസ് അഞ്ചാം ക്ലാസ് വരെ നാട്ടിൽ പഠിച്ചു. ശേഷം ആറാം ക്ലാസ് മുതൽ എസ്.എസ്.എൽ.സി വരെ കോഴിക്കോട് കൊടിയത്തൂർ വാദിറഹ്മ ഓർഫനേജിലായിരുന്നു. വാടാനപ്പള്ളി ഓർഫനേജിലും തളിക്കുളം ഇസ്‌ലാമിയാ കോളേജിലുമായി ഡിഗ്രി പഠനം പൂർത്തിയാക്കി. സ്പോർട്സിനോട് അങ്ങേയറ്റം അഭിനിവേശം പുലർത്തിയിരുന്നു. പഠനത്തിലും സ്പോർട്സിലും ഒരേ പോലെ മികവു പ്രകടിപ്പിച്ച റിയാസ് നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടി. എല്ലാവരോടും എപ്പോഴും പുഞ്ചിരിക്കുന്ന പ്രകൃതക്കാരൻ. ചെറുപ്പം മുതലേ യതീം ആയതുകൊണ്ടാവാം, എന്നും കാമ്പസിലെ യതീം കുട്ടികളോട് എന്തെന്നില്ലാത്ത വാത്സല്യവും സ്നേഹവുമായിരുന്നു. പഠനകാലത്ത് തന്നെ രചനാ വൈഭവത്തിൽ വേറിട്ട് നിന്ന റിയാസ് കാമ്പസിലെ ചുമർ പത്രങ്ങളിലും മാഗസിനുകളിലും തന്റെ പ്രതിഭ തെളിയിച്ചു.

പുന്നയൂർക്കുളം ഹുദാ മസ്ജിദിലെ ഇമാമും മദ്റസാ അധ്യാപകനും ആയിരുന്നു. എം.എ എകണോമിക്സും തൃശൂർ ഭവൻസിലെ ജേർണലിസം കോഴ്സും ഒപ്പം തുടർന്ന് കൊണ്ട് നീണ്ട മൂന്നര കൊല്ലക്കാലം അവിടെത്തന്നെ പ്രവർത്തിച്ചു. റിയാസന്റെ വരവോടെ ആ നാടും പള്ളിയും പരിസരങ്ങളും വളരെ ഊർജസ്വലമായി. ജനാസയിൽ പങ്കെടുത്ത പുന്നയൂർക്കുളത്തുകാരുടെ നിറഞ്ഞ സാന്നിധ്യം തന്നെ അതിന്റെ തെളിവായിരുന്നു.

2004ലെ സുനാമി ബാധിതരായ അണ്ടത്തോട് കടപ്പുറം നിവാസികളെ പുനരധിവസിപ്പിക്കുന്നതിലും റിലീഫ് പ്രവർത്തനങ്ങളിലും റിയാസ് മുമ്പിലുണ്ടായിരുന്നു. പ്രദേശത്തെ നിരവധി വിദ്യാർഥികൾക്ക് ട്യൂഷനും നടത്തിയിരുന്ന റിയാസ് അവിടത്തെ കലാസാഹിത്യ അഭിരുചിയുള്ള വ്യക്തികളുടെ സൃഷ്ടികൾ ക്ഷണിച്ചുകൊണ്ട് 'തുടക്കം' എന്ന പേരിൽ ഒരു സുവനീറും പുറത്തിറക്കി. യുവാക്കളെ പങ്കെടുപ്പിച്ചു ഫുട്ബോൾ, വോളിബോൾ പോലുള്ള മത്സരങ്ങൾക്കും റിയാസ് നേതൃത്വം നൽകിയിരുന്നു.

പത്രപ്രവർത്തന രംഗത്ത് എത്തിയ റിയാസ്, കോഴിക്കോട് *മാധ്യമ*ത്തിലെ പരിശീലനത്തിന് ശേഷം കൊച്ചി എഡിഷനിൽ രണ്ടര വർഷത്തോളം സേവനം ചെയ്യുകയുണ്ടായി. സഹപ്രവർത്തകരോട് ഹൃദയം നിറഞ്ഞ ബന്ധം കാത്തുസൂക്ഷിച്ചു. പത്രത്തിൽ ചരമപേജ് തയാറാക്കുകയായിരുന്നു അവസാന നാളിൽ റിയാസിന്റെ ചുമതല. വിധിവൈപരീത്യമാകാം, ആ ചരമപേജിൽ റിയാസിന്റെ മരണവാർത്തയും നൽകേണ്ടി വന്നു സഹപ്രവർത്തകർക്ക്.

**പി.ഇസഡ് അബ്ദുർറഹീം ഉമരി**

### ടി.കെ അബ്ദുർറഹ്മാൻ പൈങ്ങോട്ടായി

**കോഴിക്കോട്** ജില്ലയിൽ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയനായിരുന്നു ടി.കെ അബ്ദുർറഹ്മാൻ സാഹിബ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യകാല മുന്നണിപ്പോരാളികളിലൊരാളായ അദ്ദേഹത്തിന് പ്രസ്ഥാനം ഒരാവേശമായിരുന്നു. പ്രാസ്ഥാനിക സാഹിത്യങ്ങൾ മനസ്സിരുത്തി പഠിച്ചശേഷം അതിനെക്കുറിച്ച് ചർച്ച നടത്തുമായിരുന്നു.

ഇസ്‌ലാമിക വിദ്യാഭ്യാസത്തിനും വിദ്യാർഥികൾക്കും ഏറെ പരിഗണന നൽകിയ അബ്ദുർറഹ്മാൻ സാഹിബ് ഇസ്‌ലാമിക കലാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രചോദനമായി നിലകൊണ്ടു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് പൈങ്ങോട്ടായി ജുമുഅത്ത് പള്ളിക്ക് ശ്രദ്ധേയമായ പല മുന്നേറ്റങ്ങളും നടത്താൻ സാധിച്ചത്.

**ഇസ്മാഈൽ പൈങ്ങോട്ടായി**

### നീരിലാക്കൽ കുഞ്ഞമ്മദ് ഹാജി



**കെ.സി** അബ്ദുല്ല മൗലവി പ്രസ്ഥാനവുമായി മുക്കം ആനയാംകുന്നിലെത്തിയപ്പോൾ തന്നെ പറശ്ശേരി കുട്ടിമാൻ ഹാജിയോടൊപ്പം പ്രസ്ഥാനത്തിലേക്ക് കടന്നു വന്ന വ്യക്തിയായിരുന്നു നീരിലാക്കൽ കുഞ്ഞമ്മദ് ഹാജി. പ്രസ്ഥാന മാർഗത്തിൽ പല പ്രതിബന്ധങ്ങളെയും തരണം ചെയ്തു. ആനയാംകുന്ന് അൽമദ്റസത്തുൽ ഇസ്‌ലാമിയക്ക് തുടക്കം കുറിക്കുന്നതിന് നേതൃപരമായ പങ്കുവഹിച്ചു. മസ്ജിദുൽ മുഅ്മിനീൻ, മുക്കത്തെ മസ്ജിദുസ്സുബ്ഹാൻ എന്നിവ സ്ഥാപിക്കാനും മുൻകൈയെടുത്തു. ആനയാംകുന്ന് ഇസ്‌ലാമിക് വെൽഫെയർ ട്രസ്റ്റിന്റെ ട്രഷററും ഇരു മസ്ജിദുകളുടെയും കമ്മിറ്റി അംഗവുമായിരിക്കെയാണ് മരണം. ഭാര്യയും 5 മക്കളുമുണ്ട്.

**കെ. അബ്ദുർറസാഖ് മാസ്റ്റർ**

*പരേതർക്ക് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*